**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5623** **24-03-2025 - ൽ മറുപടിയ്ക്ക്**

**ചെറിയകൊണ്ണി ആയുർവേദാശുപത്രി കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2022-23 ബജറ്റിൽ അനുവദിച്ച ചെറിയകൊണ്ണി ആയുർവേദാശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള ഭരണാനുമതി കാലതാമസം കൂടാതെ നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (എ) | 2022-23 സാമ്പത്തിക വർഷത്തിലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം -II (മരാമത്ത് പണികളുടെ വിശദവിവരങ്ങൾ) വാല്യം -II (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ) എന്നതിൽ 1095 ക്രമ നമ്പരായി ചെറിയകൊണ്ണി (അരുവിക്കര) ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണത്തിനായി അടങ്കൽ തുകയായ 150 ലക്ഷത്തിൽ 30 ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിയ 150 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ സഹിതം ഭരണാനുമതിയ്ക്കും ഫണ്ടിനുമായി ഭാരതീയചികിത്സാ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ